പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

## എറണാകുളം ജില്ലയിലെ സിവിൽ പോലീസ് ഓഫീസറുടെ റാങ്ക് ലിസ്റ്റ്

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2895 10/05/2017-ൽ മറുപടിക്ക്**

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | എറണാകുളം ജില്ലയിൽ സിവിൽ പോലീസ് ഓഫീസറുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ട് എത്ര മാസമായി എന്ന് വ്യക്തമാക്കാമോ; | (എ) | റാങ്ക് പട്ടിക നിലവിൽ വന്നത് 21.06.2016-ന് ആണ്. 10 മാസം പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്;ഈ ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണെന്ന് വിശദമാക്കാമോ; | (ബി) | 217 പേർക്ക് നിയമന ശിപാർശ നൽകി. വിജ്ഞാപനത്തിലെ വ്യവസ്ഥപ്രകാരം ലിസ്റ്റിന്റെ കാലാവധി നിലവിൽ വന്ന തീയതി മുതൽ ഒരു വർഷം അല്ലെങ്കിൽ ലിസ്റ്റിൽ നിന്നും അവസാനമായി നിയമന ശിപാർശ നൽകപ്പെട്ടവരുടെ പരിശീലനം ആരംഭിച്ച് ഒരു മാസം വരെ ഏതാണോ അവസാനം വരുന്നത് അതുവരെ ആയിരിക്കും. |
| (സി) | പ്രസ്തുത ലിസ്റ്റിലുള്ള മുഴുവൻപേരേയും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | പ്രസ്തുത ലിസ്റ്റിൽ നിന്നും ഒഴിവുകളുടെ എണ്ണം തിട്ടപ്പെടുത്തി പരമാവധി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ